Operation of a gas turbine on 100% hydrogen results in zero fuel-based CO2 emissions. There are also cases where H2 blending with natural gas is being considered to reduce CO2 emissions as a near-term alternative to operating on 100% natural gas. In these cases, the amount of CO2 reduction will be a function of the percentage of H2 in the fuel. The amount or percent H2 in the fuel can be measured on a volume, mass, or heat input basis. GE has proven combustion technology that can operate on blends of hydrogen and natural gas. So lets hope for a carbon neutral status for Kerala with the help of our Hydro Solar and Hydrogen plants.

PS: Mirai runs on hydrogen, and its only by-product is water. When you start the engine, hydrogen travels to the Fuel Cell Stack, where it combines with oxygen from the outside air to create electricity.

The Government of India have framed the policy on Green Hydrogen which provides the following:

1. Green Hydrogen / Green Ammonia shall be defined as Hydrogen / Ammonia produced by way of electrolysis of water using Renewable Energy; including Renewable Energy which has been banked and the Hydrogen/Ammonia produced from biomass.

2. The waiver of inter-state transmission charges shall be granted for a period of 25 years to the producer of Green Hydrogen and Green Ammonia from the projects commissioned before 30th June 2025.

3. Green Hydrogen / Green Ammonia can be manufactured by a developer by using Renewable Energy from a co-located Renewable Energy plant, or sourced from a remotely located Renewable Energy plants, whether set up by the same developer, or a third party or procured renewable energy from the Power Exchange. Green Hydrogen/Green Ammonia plants will be granted Open Access for sourcing of Renewable Energy within 15 days of receipt of application complete in all respects. The Open Access charges shall be in accordance with Rules as laid down.

4. Banking shall be permitted for a period of 30 days for Renewable Energy used for making Green Hydrogen / Green Ammonia.

5. The charges for banking shall be as fixed by the State Commission which shall not be more than the cost differential between the average tariff of renewable energy bought by the distribution licensee during the previous year and the average market clearing price (MCP) in the Day Ahead Market (DAM) during the month in which the Renewable Energy has been banked.

6. Connectivity, at the generation end and the Green Hydrogen / Green Ammonia manufacturing end, to the ISTS for Renewable Energy capacity set up for the purpose of manufacturing Green Hydrogen / Green Ammonia shall be granted on priority under the Electricity (Transmission system planning, development and recovery of Inter State Transmission charges) Rules 2021.

7. Land in Renewable Energy Parks can be allotted for the manufacture of Green Hydrogen / Green Ammonia.

8. The Government of India proposes to set up Manufacturing Zones. Green Hydrogen / Green Ammonia production plant can be set up in any of the Manufacturing Zones.

9. Manufacturers of Green Hydrogen / Green Ammonia shall be allowed to set up bunkers near Ports for storage of Green Ammonia for export / use by shipping. The land for the storage purpose shall be provided by the respective Port Authorities at applicable charges.

10. Renewable Energy consumed for the production of Green Hydrogen / Green Ammonia shall count towards RPO compliance of the consuming entity. The renewable energy consumed beyond obligation of the producer shall count towards RPO compliance of the DISCOM in whose area the project is located.

11. Distribution licensees may also procure and supply Renewable Energy to the manufacturers of Green Hydrogen / Green Ammonia in their States. In such cases, the Distribution licensee shall only charge the cost of procurement as well as the wheeling charges and a small margin as determined by the State Commission.

12. Ministry of New and Renewable Energy (MNRE) will establish a single portal for all statutory clearances and permissions required for manufacture, transportation, storage and distribution of Green Hydrogen / Green Ammonia. The concerned agencies/authorities will be requested to provide the clearances and permissions in a time-bound manner, preferably within a period of 30 days from the date of application.

13. In order to achieve competitive prices, MNRE may aggregate demand from different sectors and have consolidated bids conducted for procurement of Green Hydrogen/ Green Ammonia through any of the designated implementing agencies

Renewable or Green Hydrogen, the fuel of the future, plays a vital role in achieving decarbonisation of the energy system. Green hydrogen is a clean fuel which could replace today's fossil hydrocarbons in heavy industries like oil refineries, fertilizers, steel and cement as well as helps the country achieve its climate goals. It is an energy carrier and fuel that, when fed into a fuel cell, can power vehicles and trucks without releasing harmful emissions.

Green hydrogen is produced by electrolysis of water powered by electricity which comes from renewable sources such as solar, wind or hydro. India is blessed with all year long sunshine that can produce green hydrogen through hydrolysis. When burnt, it emits no exhaust, only water. Current green hydrogen production costs range anywhere between Rs 320-330 per kg in India. The challenge is how quickly we can reduce it to Rs 160-170 per kg, bringing parity with grey hydrogen and other fossil fuels. As the performance of electrolytes improves and the cost of clean energy comes down, green hydrogen prices are expected to come down. We also have to develop new technologies for its safe storage and transportation. Indian companies like Reliance Industries Ltd and Adani Group have pledged to commit billions of dollars to green hydrogen projects. Government of India has announced a national green hydrogen policy with a target of producing 5 million tons per year by 2030.

**Transport Sector**

The Indian transport sector is responsible for 13.5 percent of the country's CO2 emissions. The government has planned 30 per cent of vehicles to be sold by 2030 to be electric vehicles (EVs). Battery powered electric vehicles (EVs) have now become popular due to increased focus on renewable energy and reduction of air pollution and climate change impacts. People who do not buy electric vehicles attribute their reluctance to lack of adequate charging stations. Establishing more charging stations are therefore very important. Amid the Indian Government's push for EV adaptation, the market has seen more than three times growth in FY 2022 with 429217units sale compared to 134821 in FY 2021.

India uses several levers to shape its energy mix in favour of renewables. The Clean Environment Cess on the use of coal discourages the production and consumption of coal by increasing its cost, while part of the government revenue from the cess is reallocated to support renewable energy development. Similarly, Solar Energy Corporation of India Ltd. (SECI) was formed for the development of solar-wind storage hybrid projects, large scale stand alone storage capacity development, green hydrogen storage and EV charging networks.

The clean energy transition in India is already well underway. It is expected that between 2027 and 2030, the growth of renewable and storage will cause fossil fuel generation to plateau. In 25 years, renewable plus storage will be the dominant generation source. With impressive technological developments and more policy measures, India can become a global leader in the renewable energy space. Fossil fuels will possibly disappear over time.

# Quidditch Vs Harry Porter



*Dr. Thomaskutty Mathew*
*Deputy Chief Engineer (Rtd.)*

Some children display an uncommon ability or proficiency in some study or the other. They possess rare powers of intelligence and imagination, creativity and assimilation of experiences to a degree that is beyond the reach of ordinary ones. Some authors on reincarnation have quoted the rare occurrences of childhood geniuses.

In fiction, many authors have created characters showing exceptional skills in any particular fields, right from childhood. J.K.Rowling writes in Harry Porter and Philosophers Stone about a boy playing Quidditch, a game in which players are seated on brooms and moving in the air, while playing. Players are named Chasers, Beaters, Bhudgers, Heapers etc with respect to their play making roles. The players are moving or flying on brooms for both offense and defense. The point is that even in the very first introductory display of the game at Hogwarts School of Witchcraft and Wizardry, the boy Harry Porter could make a mark, by being able to handle the broom without any previous experience.

He himself found that he could mount on and control the broom without having any any previous coaching in this lifetime.

Hence or otherwise, Be it witchcraft or wizardry, the idea of having an exceptional skill by birth belong to a school of rebirth only.

**Quiddich Player in Action**

A boy playing Quidditch, a game in which players are seated on brooms and moving in the air, while playing.

Players are moving or flying on brooms for both offense and defence.



**Dickens- Disney- J.K.Rowling chain.**

(A Questionable Claim)

Joseph.R.Myers is a professional engineer and reincarnation researcher. In his website Walt Disney is shown as the reincarnation of Charles Dickens and J.K.Rowling (author of Harry Potter ) is said to have once lived as C.S.Lewis, author of the Chronicles of Narnia. There are some facial similarities too. But Semkiw's researches says that that Charles Dickens has reincarnated as J.K.Rowling.

Here comes the ambigutiy. Charles Dickens lived from 1812 to 1870 . Walt Disney from 1901-1966. C.S.Lewis is 1889-1963. Whereas J.K.Rowling ,born in 1965, is still producing marvellous fiction for us. These dates though working with Mayers' claims, clash with Semkiw's because , if Charles Dickens had been reborn as Walt Disney, he couldn't have also been born as J.K.Rowling as she was born 18 months before Disney's death ( which means the same soul in two bodies for the overlapping period). Hence how can all claims be accepted at the face value, as in witchcraft or wizardry. Thus the common has all the moral right to ask:

Did Charles Dickens reincarnate as J.K.Rowling?

# ബോറടി നല്ലതാണ്



*Er യു.എസ്. രവീന്ദ്രൻ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ഒ**രു അലക്കുപൊടിയുടെ പരസ്യമുണ്ട്. "അഴുക്ക് നല്ലതാണ്". രണ്ടുകുട്ടികൾ പന്തു കളിക്കുന്നത് പരസ്യത്തിന്റെ തുടക്കം. അഴുക്കു പറ്റിയ പന്ത് ഒരു കുട്ടിയുടെ സ്കൂൾ യൂണിഫോമിൽ വന്നു തട്ടുന്നു. യൂണിഫോം മുഴുവൻ അഴുക്കു പറ്റുന്നു. ആദ്യം കുട്ടിക്ക് വിഷമം തോന്നിയെങ്കിലും കളിയുടെ ആവേശത്തിൽ രണ്ടു കുട്ടികളുടെയും യൂണിഫോമിൽ കൂടുതൽ അഴുക്കുപറ്റി വൃത്തികേടാകുന്നു. വീട്ടിൽ വരുമ്പോൾ അമ്മ ആശ്വസിപ്പിച്ച് പരസ്യം ചെയ്യുന്ന അലക്കുപൊടിയിൽ തുണികഴുകി വൃത്തിയാക്കി കൂടുതൽ വെണ്മയുള്ളതാക്കുന്നു. "അഴുക്കു നല്ലതാണ്" എന്ന പരസ്യവാചകം ചിരിച്ചു കൊണ്ട് പറയുന്നു.

എല്ലാവർക്കും വല്ലപ്പോഴുമൊക്കെതോന്നിയിട്ടുണ്ടാകും "ഹോ എന്തൊരു ബോറടി" എന്ന്; കൊറോണ കാലത്ത് പ്രത്യേകിച്ചും. ടിവി കണ്ടും മൊബൈലിൽ പരതിക്കൊണ്ടും കുറേ സമയം കഴിയുമ്പോൾ അതും ഒരു ബോറടിയാകുന്നു. എപ്പോഴെങ്കിലും ബോറടി തോന്നിയിട്ടുണ്ടെങ്കിൽ അത് നല്ലതാണ്. ശരീരത്തിന് എവിടെയെങ്കിലും വേദനയുണ്ടെങ്കിൽ അത് രോഗലക്ഷണമാണ്; അപ്പോൾ ചികിത്സിക്കുന്നു, രോഗം ഭേദമാകുന്നു. അതുപോലെ മനസ്സ് അസ്വസ്ഥമാകുമ്പോഴാണ് ബോറടി തോന്നുന്നത്. അപ്പോൾ തന്നെ അതിനെ മറികടക്കാൻ സ്വയം ഒരു ഉപായം കണ്ടെത്തും. നമ്മൾ മനസ്സിനോട് തന്നെ സംസാരിക്കും. നമ്മളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ ഓരോന്നായി അപ്പോൾ പുറത്തു വരും. അവ കൂടുതൽ കൂടുതൽ പഠിക്കാൻ ശ്രമിക്കും. പുതിയ കണ്ടെത്തലുകളിലെത്തിച്ചേരും.

ഇന്നത്തെ ശാസ്ത്രയുഗത്തിൽ എല്ലാവരും എല്ലായ്പ്പോഴും ഏതെങ്കിലും ഒരു യന്ത്രത്തോട് സംവദിച്ചുകൊണ്ടിരിക്കുകയായിരിക്കും. ഒന്നുകിൽ ടിവി അല്ലെങ്കിൽ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവ. യന്ത്രങ്ങളോട് സംവദിച്ച് സംവദിച്ച് മനസ്സും യന്ത്രംപോലെ ആയിത്തീരുന്നു. മനസ്സിന് സ്വതന്ത്രമായി ഒരു നിമിഷംപോലും കിട്ടുന്നില്ല. ശാസ്ത്രം നമ്മളുടെ ശ്രദ്ധപിടിച്ചുപറ്റിയിരിക്കുകയാണ്. നമ്മളുടെ ശ്രദ്ധ വേറെ ഒന്നിലും പതിയുന്നില്ല. സങ്കീർണ്ണമായ സ്വന്തം ചിന്താമണ്ഡലങ്ങളിൽ വിഹരിക്കേണ്ട സമയം മറ്റു യന്ത്രങ്ങളുമായി സമ്പർക്കം പുലർത്താൻ ഉപയോഗിച്ച് നമ്മളുടെ ചിന്താശക്തി ഉപയോഗിക്കപ്പെടാതെപോകുന്നു; മനഃപൂർവ്വം നഷ്ടപ്പെടുത്തിക്കളയുന്നു. സാങ്കേതിക ശാസ്ത്രം തലച്ചോറുമായി കെട്ടുപിണഞ്ഞ് മനസ്സ് എപ്പോഴും കൂടുതൽ കൂടുതൽ എന്തിനോ വേണ്ടി അന്വേഷിച്ച് ഒരിക്കലും ഒന്നിലും തൃപ്തിയില്ലാത്തതായിതീരുന്നു. മൊബൈൽ ഫോണിൽ എപ്പോഴും എന്തിനോ വേണ്ടി പരതിക്കൊണ്ടിരിക്കുന്നവരെ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ഫോൺ കയ്യിലെടുക്കാതെ കുറച്ചു നേരം പുറമേ ഇറങ്ങി നടന്നുനോക്കൂ. എത്ര ആശ്വാസമാണ്. എന്നാൽ ഇതു പറയാൻ എളുപ്പമാണ്. ബാത്ത്റൂമിൽ പോകുന്ന സമയത്തുകൂടി ഫോൺ കയ്യിൽ കൊണ്ടു നടക്കുന്നവരുണ്ട്. ഫോൺ ഓഫാക്കിവച്ച് ഒരു നല്ല പുസ്തകം എടുത്ത് വായിക്കാൻ തുടങ്ങു.

# സമഗ്ര - സെക്ഷൻ എ.ഇ.യ്ക്ക് ഒരു തലവേദന

*വാൽമീകി*

കോൺഫറൻസിൽ എന്തായിരുന്നു ചർച്ച''..... സമഗ്രയെ കുറിച്ച് വല്ലോം സമഗ്രമായി ചർച്ച നടത്തിയോ'....... സെക്ഷൻ എ ഇ മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് ആരെങ്കിലും അറിയുന്നുണ്ടോ....... മെയ് മാസം മുതൽ മര്യാദയ്ക്ക് വർക്ക് ചെയ്തിരുന്ന SCM സോഫ്റ്റ്വെയർ എടുത്തു കളഞ്ഞു''.... എന്നിട്ട് ജൂൺ മാസം പകുതിയായപ്പോൾ സമഗ്ര വന്നു....... സമഗ്രവന്ന അന്നുമുതൽ ഓരോരോ പ്രശ്നങ്ങൾ...... രാവിലെ മുതൽ വൈകുന്നേരം വരെ കമ്പ്യൂട്ടറിന്റെ മുന്നിലിരുന്നാൽ സമഗ്രയിൽ ഒരു ട്രാൻസാക്ഷൻ പൂർത്തിയാക്കാൻ പറ്റും: ... ഇങ്ങനെ ദിവസങ്ങളോളം ഇരുന്ന് ഒരു വർക്കിന് എസ്റ്റിമേറ്റ് ഇട്ട്, AS, TS, ക്വട്ടേഷൻ, വർക്ക് ഓർഡർ മേടിച്ച് മെഷർ ചെയ്ത് AEEയുടെ മുന്നിലും EE മുന്നിലും ചെക്ക് മെഷർമെൻറിന് എത്തിച്ചാൽ ഉടൻ തന്നെ AEE യുടെയും EE യുടെയും വക ചോദ്യം ..... CM book ൽ മെഷർ ചെയ്യാൻ BO ഉണ്ടോ?........ സാദാ Mbook ൽ ഇട്ട് മെഷർ ചെയ്യണമെന്ന്കൽപന..... അപ്പോഴും സെക്ഷൻ FC പെട്ടു ....... അതായത് കോൺട്രാക്ടർമാർക്ക് ബിൽ പാസാക്കി കൊടുക്കാൻ എഇയ്ക്ക് മാത്രമാണല്ലോ ഉത്തരവാദിത്വം?...... ട്രാൻസ്ഫറിന് അപേക്ഷിച്ച എഇ മാർ ശരിക്കും പെട്ടു.... മെയ് മുതൽ നടന്ന വർക്കുകൾ പല എഇ മാരും ഇതുവരെ വർക്ക് ആക്കി തുടങ്ങിയിട്ടില്ല... തുടങ്ങുമ്പോൾ അറിയാം പുകില്......... ഇനി ആഗസ്റ്റ് ആകുമ്പോൾ വലിയൊരു ദുരന്തത്തിലേക്കാണ് ഡിസ്ട്രിബ്യൂഷൻ മേഖല കടന്ന് ചെല്ലാൻ പോകുന്നത്...... കൃത്യ സമയത്ത് പെയ്മെൻറ് കൊടുക്കാത്തത് മൂലം ഒന്നുകിൽ അവർ ഓഫീസിൽ വന്ന് ബഹളം തുടങ്ങും...... അല്ലെങ്കിൽ വർക്ക് നിർത്തിവയ്ക്കും....സമരം തുടങ്ങും........ഐ ടി യിലെ ഉന്നത മേധാവികൾക്ക് പ്രോഗ്രാമേഴ്സിന് മുകളിൽ ഒരു കൺട്രോളും ഇല്ല.......... അവിടത്തെ SA യും SS യും തീരുമാനിക്കും ഐടിയിൽ എന്ത് വേണമെന്ന്.......... നാഥനില്ലാകളരിയായി മാറിയ ഐടിയെ രക്ഷിക്കാൻ ആരു മുന്നോട്ടു വരും....... ഒരു സെക്ഷനിൽ പ്രകൃതി

➦

---

ആദ്യമൊക്കെ നീരസം തോന്നിയേക്കാം. എന്നാൽ ഒന്നു പരിശീലിച്ചു കഴിഞ്ഞാൽ ഫോൺ അത്രക്കങ്ങ് ആവശ്യമാണെന്ന് തോന്നുകയില്ല, എന്നു മാത്രമല്ല മനസ്സിലെ നല്ല ചിന്തകളിൽ കൊണ്ടെത്തിക്കാനും സാധിക്കും. ബോറടിയിൽ നിന്നും വ്യത്യസ്തമായതെന്താണ്? നമ്മുടെ സ്വന്തം ചിന്തയിൽ വിഹരിക്കൽ തന്നെയാണത്.താൽപര്യമുള്ള ഹോബികളിൽ ഏർപ്പെടുക. ചില പക്ഷികൾ ബോറടിക്കുമ്പോൾ സ്വന്തം തൂവലുകൾ കൊത്തപ്പറിച്ചു കളയുന്നതായി വായിച്ചിട്ടുണ്ട്.

ചിലപ്പോൾ രക്ഷിതാക്കൾ കുട്ടികൾക്ക് അധിക സംരക്ഷണമെന്ന നിലയിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.അവർക്ക് ഇഷ്ടമുള്ളത് ചെയ്യുവാൻ അനുവദിക്കുകയില്ല. ബക്കറ്റിൽ വെള്ളം നിറയ്ക്കുന്നതുപോലെ പണി കൊടുത്തുകൊണ്ടിരിക്കും. അവരുടേതായ വഴികൾ തിരഞ്ഞെടുക്കാൻ അനുവദിക്കുകയില്ല. പ്രശ്നമെന്താണെന്നു വച്ചാൽ കുട്ടികൾക്ക് അവരുടേതായ വഴിയിക്കൂടി ലോകത്തെ അഭിമുഖീകരിക്കുവാനുള്ള കഴിവു നഷ്ടപ്പെട്ടുപോകുന്നു എന്നുള്ളതാണ്. അവർക്ക് സാമൂഹ്യസേവനത്തിന് നല്ല വഴികൾ തുറന്നു കൊടുക്കണം.രക്ഷിതാക്കളുടെ ''അരുത്, അരുത്''കളിൽ നിന്നും ബോറടിക്കുന്ന കുട്ടികൾ ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേയ്ക്കുള്ള മാറ്റത്തിൽ നിന്നും മുഖം തിരിച്ചുനിൽക്കുന്നു. അങ്ങനെ കുട്ടികളുണ്ടെങ്കിൽ അവർ 19-ാം നൂറ്റാണ്ടിലെ ബീഥോവന്റെ സംഗീതവും ശ്രവിച്ചുകൊണ്ട് രക്ഷിതാക്കളുടെ കൂടെ സുഖമായി കഴിയുന്നു.

ക്ഷോഭം മൂലം വൈദ്യുതി വിതരണം തകരാറിലായാൽ എല്ലാവരുംകൂടി ഇറങ്ങി നിന്ന് 24 X7 പണിയെടുത്ത് പുന:സ്ഥാപിക്കും........ ഇവിടെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ സമാനമായ 'സമഗ്രമായ ഐടി ക്ഷോഭം 'വന്നിട്ടുപോലും ആർക്കും ഒരു കുലുക്കവുമില്ല.........

ഒന്നുകിൽ സമഗ്രയെടുത്ത് ദൂരെ കളഞ്ഞിട്ട് പഴയതുപോലെ ആക്കുക..... അല്ലെങ്കിൽ ഐടിക്കാരോട് മര്യാദയ്ക്ക് പണിയെടുത്തു, ഇപ്പോൾ ഒച്ചിന്റെ വേഗത്തിൽ ഇഴയുന്ന സമഗ്രയെ യുദ്ധ കാലാടിസ്ഥാനത്തിൽ, ജോലിചെയ്യാൻ സാധിക്കുന്ന വേഗത്തിലേക്ക് എത്തിക്കുക......

KSEB

**KERALA STATE ELECTRICITY BOARD LTD.**
(Incorporated under the Companies Act, 1956)
Reg. Office: Vydyuthi Bhavanam, Pattom
Thiruvananthapuram-695004
Office of the Chief Engineer (IT, CR & CAPs)
Email: [illegible]
Phone: 91-471 | 251 4610, 4274, 4624
Website: www.kseb.in CIN: [illegible]

No. CE-IT/ Genl./2022-23/ Dated: 16/07/2022.

To

All Chief Engineers – Distribution
All Deputy Chief Engineers – Electrical Circles.

Sub: Assigning officers for the co-ordination of field issues reported by users in SAMAGRA portal- reg.

In order to co-ordinate and resolve the issues reported by field officers in SAMAGRA, the following officers under the IT wing as per the list appended have been assigned duties for coordinating the field issues reported from the respective Electrical Circles so as to co-ordinate with the SAMAGRA team for resolving the same at the earliest.

Kindly note that the above support provided is in addition to the existing ERP helpdesk and support services already available in the website. The above shall be communicated to the field officers.

**Chief Engineer (IT, CR & CAPs.)**

Copy submitted to : Director ( Finance IT & HRM) ( Distribution & SCM) for favour of information

Copy to 1.Deputy Chief Engineer IT & CR.
2. All as per list attached.

ഇതോടൊപ്പം ചേർത്തിരിക്കുന്ന കത്ത് പ്രകാരം കുറച്ച് കോർഡിനേറ്റിങ് ഓഫീസർ മാരെ ഓരോ സർക്കിളിനുമായി കൊടുത്തി ട്ടുണ്ട്. ഐ.റ്റി. വിഭാഗം സി.ഇ.യുടെ ഓഫീ സിൽ മറ്റു ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഓഫീസർമാരെ ആണ് കോർഡിനേറ്റിങ് ഓഫീസർമാരായി നിയോഗിച്ചിരിക്കുന്നത്. സമഗ്ര കണ്ടിട്ടുപോലും ഇല്ലാത്തവരാണ് ഇതെന്നാണ് കരക്കമ്പി. അവർ coordinate ചെയ്താൽ മതിയല്ലോ, അതുകൊണ്ട്... കണ്ടിട്ടില്ലെങ്കിലും കുഴപ്പമില്ല എന്ന് വയ്ക്കാം. പക്ഷേ പരാതികൾ വല്ലതും സെക്ഷനിൽ നിന്ന് കിട്ടിക്കഴിഞ്ഞാൽ പിന്നെ കഷ്ടകാലം ആണ്. ആരാണ് ആ ഭാഗം ചെയ്യുന്നത് എന്ന് കണ്ടുപിടിക്കണം. സമഗ്ര കിടിലം ആയത് കൊണ്ട്, ആരും ഇപ്പൊ ഒന്നും ഏൽക്കുന്നില്ല. ഒരുവിധം ആളെ കണ്ടുപിടിച്ചു കഴിഞ്ഞാൽ ഉടൻ ടിക്കറ്റ് റൈസ് ചെയ്യാൻ പറയും. വീണ്ടും പഴയപടി അത് അവിടെ കിടക്കും. ആരുടെ യോ വായടപ്പിക്കാൻ ചെയ്ത പരിപാടി, ഈ കോർഡിനേറ്റിങ് ഓഫീസർമാർക്ക് അടിയായി പ്പോയി.

ഫീൽഡിൽ ഉള്ളവരുടെ മുഷിച്ചിൽ ഇപ്പൊ ഈ കോർഡിനേറ്റിങ് ഓഫീസർ സഹിക്കേണ്ട അവസ്ഥയാണ്. ആരെങ്കിലും എന്തെങ്കിലും സംശയം ചോദിച്ചാൽ, സമഗ്ര യിൽ ഒരു ട്രെയിനിങ് പോലും കിട്ടാത്ത ഇവർ എങ്ങനെ അത് നിവർത്തിക്കാൻ ആണ്?.. പിന്നെ, അവർക്ക് സാധാരണയുള്ള ഡ്യൂട്ടി ചെയ്യാനും കൂടി സമയം ഇല്ലാതെ ആവുന്നു.. അങ്ങനെ വെളുക്കാൻ തേച്ചത് പാണ്ടായി.

***വാൽക്കഷ്ണം :***

സമഗ്ര കണ്ടിട്ടില്ലാത്തവരെ
സമഗ്രരായി പ്രഖ്യാപിച്ച്
സമഗ്രമായി പ്രശ്നപരിഹാരം
നടത്തിയവർക്ക് ഇരിക്കട്ടെ
ഇപ്രാവശ്യത്തെ കുതിരപ്പവൻ...

✵

---

കവിത

# മധുരസ്വപ്നം



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**ഇ**ന്നലെ മാരനൊപ്പം
ഇരവിൻ മാറിൽ
ഈരടി മൂളിയുറങ്ങിയോ
ഇരട്ട കൊക്കുള്ള കുയിലിപ്പെണ്ണേ

മധുര കിനാവിൽ
മഴമേഘതേരിലേറി
മന്ദമാരുതനേറ്റു നിൻ
മാരനൊപ്പം രമിച്ചുവോ ?

നിൻ മാരൻ നിനക്കായി
നൽകിയ മുത്തുമണിമാല
നക്ഷത്ര കൂട്ടത്തിൽ നിന്നെടുത്തതാകാം

മഴയെത്തും മുൻപ്പെത്താം ഞാൻ
മാരൻ മറയുമ്പോൾ
മഴവില്ലിൻ നിറമുള്ള
മധുര സ്വപ്നങ്ങൾക്ക് മികവേകുവാൻ !

✵

# A PATRIARCHAL SOCIETY

*Er Thomas Kolanjikombil*
Maramon.

Why all gods are depicted as male, why our prophets and priests are male?. A ploy of patriarchal society we live. Be it Europe, America or India, society is dominated by male power, the chauvinistic male hegemony.

Probably, patriarchy as a social system arose with familial way of living, with labour division and commodification of woman's sexual and reproductive capacity. When family property was passed, down the male line, the female autonomy is eroded. With time, it become a norm. Where those possesed the means of production dominate upon those who didn't. Women came to be defined by their association with men. They are slapped with a mangalsutra, an identity of slavery. They are to shed their ancestry and add partner's names to them. The word husband itself is patriarchal. In old english it meant master,controller, domesticator, farmer, etc. This meaning is preserved in the word husbandary = carefully managing breeding of crops and animals. Patriarchy is a social law or an ideological concept which considers man as superior to woman and man hold political, economic and social authority over woman. Man is the focus and developer of all events and inventions and is the hero in all situations. Women are not allowed to rise up to leadership level, make decisions,todemonstrate independence or suggest changes in the social order.

Women played a pivotal role in India's independence, but their contribution to the movement were never recognized at the same level of prominence as that of men. Anyway, in the first parliament session of Indian republic in 1952, thirtynine strong passionate women sat in the hallowed hall of power, a testament to their invaluable contribution to democracy. What happened in1952 was a highly progressive step, at a time when we were led by men with vision. But down 75 years we have strayed away from that path. Due to systemic issues our present parliament (22% in loksabha) and legislaure (9% in Kerala assembly) continue to alienate the women in our country, where 48% of the population is woman.

Mahatma Gandhiji wrote in Young India, 'To call a woman the weaker sex is a libel, it means injustice to woman. If by strength is meant, brute strength, then indeed, woman is less brute than man. If by strength is meant moral power then woman is immeasurably man's superior. Has she got greater intuition, is she more selfsacrificing, has she not greater power of endurance, has she not greater courage?. Without her, man could not be. If non violence is the law of our being, the

future is with woman. Who can make a more effective appeal to the heart of people than woman'.

We are still following Manu's dictum that there can be no independence for woman at any stage of her life. Men are meant to hunt while woman are created to be attractive and appealing and give birth to children. Majority of Indian woman believe that it is acceptable for husband to beat his wife. By and large, woman's education, professional degrees, achievement in fine art, etc are reckoned as instrumental in enhancing family respectability, prestige and marriage prospects. Many women with professional degrees are not in a position to make choice regarding their jobs or career, which they say are dependent on their marital family's decision. Even well-educated women in the society are trapped in violent domesticity by being tolerable to domestic abuse and even give up their self respect to save the so called family honour. Modern society is increasingly misogynistic. Inspite of many gender equality laws, misogyny, everywhere, is normalised and practised by men to the deterrent of women's emancipation.

Gender equality is a fundamental human right. It is key in achieving a more peaceful and harmonious world. Gender prejudices and discriminations start in the childhood. From the moment they are born, girl face unequal gender norms regarding expectations, access to resources and opportunities. Despite of many strides we made, it is irony that, it is the mothers who spell the doom for their girls.

Empowering the girls from the beginning is proven to have lasting and compounding benefit over the course of their lives. Empowering equip and allow woman to make life determining decisions. It enables them to take strategic life choices, which has been denied previously.

Surprisingly in animal kingdom, matriarchy is accepted in many species like lion, elephant, heynas, killer whales bonobo apes (our closest primate), lemurs, meerkats, etc. Evolutionary scientists say that there are many things for us to learn from them about female supremacy. There, females use their alliances with other females to exert power over male, who is generally stronger and bigger. This way female choose their own male and access the best food. May be, 'Me too movement' is a parallel example.

It is said, nature loves woman more than man. In literature, nature (latin word la natura) and earth (mother earth) are gendered as female. Nature is seen as embodiment of all characteristics that woman possess, simple, pure, beautiful, gentle, kind, graceful, etc. Where as man is characterised as rational, industrial, independent, assertive, proud, etc.

P.S. A 2012 malayalam movie 'Ozhimuri' directed by Madhupal that stand as testimony to women's freedom, is inspiring.

✵

# INDIA's ENERGY TRANSITION



***Er. Chandran pillai G.***
*Deputy Chief engineer (Rtd.)*

Electricity was introduced in India when the city of Calcutta witnessed its first electric light in 1879. India's installed capacity at the time of independence was1362 MW, which has reached 388GW in the 75$^{th}$ year of independent India. Alongside hydropower, coal based thermal power was the main source of electricity. The first coal based generating station was commissioned in 1889 in Calcutta. The first hydro power plant started functioning in 1897 in Darjeeling. Subsequently generation from other fuel resources started at different times like lignite in 1962, nuclear in 1969, wind in1985, biogas in 1999 and solar in 2010. The country relies on fossil fuels for major share of its electricity demands at present.

The main fossil fuels are coal, petroleum and natural gas which are extracted through mining and drilling. All contain carbon. Coal has been the major energy resource of India. The country is short of oil and gas, but coal resources are relatively abundant. We have an extractable coal of 58655 million tons of oil equivalent (mtoe), lignite of 1874 (mtoe), oil 604.1 mt and gas+ methane of1257 (mtoe) as on 31-3-2017.

From the electricity that lights our homes to the cars we drive, modern life heavily relies on fossil fuels. We use 67% of coal for power generation. Recently, TPPs ( Thermal Power Plants ) across India experienced an acute coal shortage. The availability of coal for plants operating with only imported coal is also relatively low due to higher prices in the international market. If coal production keeps growing at 5 per cent per year, we would run out of coal in less than 40 years.

Fossil fuels like coal produce a stable and predictable stream of on demand power whereas power generation from wind and solar energy is more variable and unpredictable. Another advantage is their capacity to generate huge amounts of electricity in just a single location.

**Need for transition**

The disadvantage of burning fossil fuels to generate power is that it releases large quantities of greenhouse gases into the atmosphere. High concentrations of

greenhouse gases in the atmosphere increase the global temperature and cause air pollution and climate change. Fossil fuels are also non-renewable which affects energy security for future generations. Alternatives to burning fossil fuels include renewable energy resources like solar energy, wind power and hydroelectricity. Apart from augmenting the energy supply, the benefit of transitioning to renewable energy is a significant reduction in emissions.

The world needs to manage climate change risks and reduce green house gas emissions. The power sector needs to move away from fossil fuels. India has been planning to gradually phase out its fossil fuel plants, replacing them with cleaner options. At the global climate summit in Glasgow in November 2021, India set an ambitious target to reach net zero emissions by 2070. Further, India announced that it would increase its non-fossil energy capacity to 500 GW and meet 50 per cent of its energy requirements from renewable energy by 2030. India has already achieved about 150 GW of renewable energy ( including small hydro) of which solar and wind put together contributed about 85 GW.

**Solar Energy and wind power**

Solar energy is a great alternative to fossil fuels. It offers many more advantages from energy security to lower costs to combating climate change besides creating a new industry and a significant amount of new jobs. The country's solar energy capacity is 54 GW as of March 2022.According to the Ministry of New and Renewable Energy, 36 GW of solar projects are under various stages of implementation. India is an ideal country for solar energy with nearly 300 days of sun shine, significant day peaks and seasonal peaks in summer. We need to develop an energy efficient storage system that can absorb solar energy during the day time. Advantages in Li-ion and other battery technologies provide us with a huge opportunity to reduced cost, size, weight and increased life. We should also have extensive plans for manufacturing solar cells and modules.

In the industrial states like Tamil Nadu and Maharashtra where there is a lot of demand for electricity in rural areas for irrigation purposes, solar power stations can be built within the compound of rural substations. While grid electricity to rural substations in Maharashtra costs Rs 7.48/unit, solar electricity can be generated on site at a rural substation at Rs 3/unit. In recent solar power agreements executed, the cost is seen lower than the current cost of commercial power in many states. According to the present trends, coal based power prices will rise over the next decades against the low priced solar power. India has also been focusing on rooftop solar including residential rooftop to scale up the

country's solar capacity. India has a rooftop solar potential of 1.7 PWh per year against its current electricity demand of 1.3 PWh per annum (PW $=10^{15}$ watts). *KSEB Ltd has launched a new solar subsidy scheme for the people in the state. KSEB's residential rooftop solar capacity stands at 1.61 MW as on December 2021.*

India's gross wind power potential is estimated at 302 GW at 100 meter and 695 GW at 120 meter above ground level. Wind power accounts for 4% of India's total electricity generation. Wind installed capacity is about 40 GW as of November 2021.Tamilnadu tops the list with 9608 MW while Kerala's installed capacity stands at 62.5 MW. The country has to focus on off shore wind power deployment also. There is ample potential, around 70 GW, off the cost of states like Tamil Nadu and Gujarat. Wind and solar together are able to provide a fairly flat electricity profile, wind complementing solar in a lot of areas and solar-wind hybrids will provide more reliable electricity supply.

**Green Hydrogen**

Renewable or Green Hydrogen, the fuel of the future, plays a vital role in achieving decarbonisation of the energy system. Green hydrogen is a clean fuel which could replace today's fossil hydrocarbons in heavy industries like oil refineries, fertilizers, steel and cement as well as helps the country achieve its climate goals. It is an energy carrier and fuel that, when fed into a fuel cell, can power vehicles and trucks without releasing harmful emissions.

Green hydrogen is produced by electrolysis of water powered by electricity which comes from renewable sources such as solar, wind or hydro. India is blessed with all year long sunshine that can produce green hydrogen through hydrolysis. When burnt, it emits no exhaust, only water. Current green hydrogen production costs range anywhere between Rs 320-330 per kg in India. The challenge is how quickly we can reduce it to Rs 160-170 per kg, bringing parity with grey hydrogen and other fossil fuels. As the performance of electrolytes improves and the cost of clean energy comes down, green hydrogen prices are expected to come down. We also have to develop new technologies for its safe storage and transportation. Indian companies like Reliance Industries Ltd and Adani Group have pledged to commit billions of dollars to green hydrogen projects. Government of India has announced a national green hydrogen policy with a target of producing 5 million tons per year by 2030.

**Transport Sector**

The Indian transport sector is responsible for 13.5 percent of the country's $CO_2$ emissions. The government has planned 30 per cent of vehicles to be sold by 2030 to be electric vehicles (EVs).

Battery powered electric vehicles (EVs) have now become popular due to increased focus on renewable energy and reduction of air pollution and climate change impacts. People who do not buy electric vehicles attribute their reluctance to lack of adequate charging stations. Establishing more charging stations are therefore very important. Amid the Indian Government's push for EV adaptation, the market has seen more than three times growth in FY 2022 with 429217units sale compared to 134821 in FY 2021.

India uses several levers to shape its energy mix in favour of renewables. The Clean Environment Cess on the use of coal discourages the production and consumption of coal by increasing its cost, while part of the government revenue from the cess is reallocated to support renewable energy development. Similarly, Solar Energy Corporation of India Ltd. ( SECI ) was formed for the development of solar-wind storage hybrid projects, large scale stand alone storage capacity development, green hydrogen storage and EV charging networks.

The clean energy transition in India is already well underway. It is expected that between 2027 and 2030, the growth of renewable and storage will cause fossil fuel generation to plateau. In 25 years, renewable plus storage will be the dominant generation source. With impressive technological developments and more policy measures, India can become a global leader in the renewable energy space. Fossil fuels will possibly disappear over time.



# സുഭാഷിതം



## തിരിച്ചറിവ്

*Er കെ. ശശിധരൻ* (റിട്ട.)
കണ്ണൂർ

**രാ**വിലെ പത്രം തുറന്നാൽ മനസ്സിന് ശാന്തി നൽകുന്ന ഒരു വാർത്തയെങ്കിലും കണ്ടെത്താൻ പ്രയാസമാണ്. എന്നാൽ പതിനാറോ ഇരുപതോ പേജുള്ള പത്രത്താളുകൾ മുഴുവൻ അതിക്രമങ്ങളെക്കൊണ്ടും അഴിമതികളെ കൊണ്ടും മാലിന്യകൂമ്പാരങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കും. ഈ വാർത്തകളുടെ ഉറവിടം തേടി പോയാൽ ആരാണിതിനൊക്കെ ഉത്തര വാദികളെന്ന് കണ്ടെത്താൻ സാധിക്കും. അവർക്കെതിരെ ഒരു വിരൽ ചൂണ്ടുമ്പോൾ മൂന്നു വിരൽ ചൂണ്ടിയവന്റെ നേരെയായിരിക്കും എന്നത് യാഥാർത്ഥ്യം. നമുക്ക് ചുറ്റും കാണുന്ന അസ്വാസ്ഥ്യങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് നമുക്ക് ഒഴിഞ്ഞു നിൽക്കാനാവില്ലെന്നർത്ഥം.

ഈ അവസരത്തിൽ നമ്മുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ വളരെ പ്രസക്തമാണ്; അദ്ദേഹം പറയുന്നു, ലോകത്ത് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം സ്വന്തം തെറ്റ് മനസ്സിലാക്കുക എന്നതും, അത് സമ്മതിക്കുക എന്നതുമാണ്. ഏറ്റവും എളുപ്പമുള്ള കാര്യം മറ്റുള്ളവരുടെ തെറ്റ് കണ്ടുപിടിക്കുക എന്നതും അത് പറഞ്ഞു നടക്കുക എന്നതുമാണ്.

ഒരിക്കൽ ബാംഗ്ലൂരുള്ള ഒരു ഫാക്ടറിയിൽ അറ്റകുറ്റപ്പണി നടക്കുകയായിരുന്നു. ഫാക്ടറിയിലെ ഉപകരണങ്ങൾ ജപ്പാൻ കമ്പനിയുടേതായതിനാൽ അറ്റകുറ്റപ്പണിക്ക് പ്രസ്തുത കമ്പനിയുടെ എഞ്ചിനീയറുടെ മേൽനോട്ടം ആവശ്യമായി വന്നു. ഫാക്ടറിയുടെ പ്രതിനിധി എയർപോർട്ടിൽ നിന്നും എഞ്ചിനീയറെ സ്വീകരിച്ച് കാറിൽ വരികയായിരുന്നു. ബാംഗ്ലൂരിലെ പതിവ് ട്രാഫിക് ജാമിൽ ഇവരുടെ കാറുംപെട്ടു. ഇരുന്ന് മുഷിഞ്ഞപ്പോൾ എഞ്ചിനീയർ സംസാരത്തിന് തുടക്കമിട്ടു. നമ്മുടെ രാജ്യത്തിന്റെ പൈതൃകത്തെക്കുറിച്ചും നല്ല കാലാവസ്ഥയെക്കുറിച്ചും സംസാരിച്ചുകൊണ്ട് ഇവിടത്തെ പുരോഗതിയിലും ശുചിത്വത്തിലുംഎത്തി. ഇവിടെ ആവശ്യത്തിനു വിഭവങ്ങളും അതുപയോഗപ്പെടുത്താനാവശ്യമായ മാനവ വിഭവശേഷിയും ഉണ്ടെങ്കിലും നിർഭാഗ്യവശാൽ വികസനത്തിന്റെ കാര്യത്തിൽ വളരെ പിറകിലാണെന്ന് എഞ്ചിനീയർ ഒരു മടിയുമില്ലാതെ പറഞ്ഞു. നാട്ടുകാരന് തന്റെ രാജ്യത്തിനെ മോശമായി ചിത്രീകരിച്ചത് ഇഷ്ടപ്പെട്ടില്ല. അയാൾ പ്രതികരിച്ചു.

'സാർ, സമ്പന്നമായ നമ്മുടെ നാടിന്റെ ഈ ദുരവസ്ഥയ്ക്ക് കാരണം അഞ്ഞൂറോളം വർഷം ഭരിച്ച മുഗളരും അതിനുശേഷം മുന്നൂറോളം വർഷം ഭരിച്ച ബ്രിട്ടീഷുകാരുമാണ്. അവരാണ് നമ്മുടെ നല്ല സംസ്ക്കാരത്തെ തകർത്ത് രാജ്യത്തെ ഈ നിലയിലാക്കിയത്.

രാജ്യത്തിന്റെ ദുരവസ്ഥയുടെ കാരണം വിശദീകരിച്ച് നാട്ടുകാരൻ സമാധാനമായി ഇരിക്കുമ്പോൾ കാറ് വീണ്ടും ട്രാഫിക് ജാമിൽ പെട്ടു. അപ്പോൾ ഒരു കാൽനട യാത്രക്കാരൻ പാൻ മസാല ചവച്ച് റോഡിൽ തുപ്പുന്നതു അവർ കണ്ടു.

"സുഹൃത്തേ, കണ്ടോ...... എന്ത് വൃത്തി കേടാണ് ആ ചെറുപ്പക്കാരൻ കാണിച്ചത് !! ഇവിടെ മുഗളരും ബ്രിട്ടീഷുകാരും ഭരിച്ചതു കൊണ്ടാണോ അയാൾ ഇത് ചെയ്തത് ?"

നാട്ടുകാരന് ശബ്ദിക്കാനായില്ല. അടുത്ത നിമിഷം ഒരു വാഹനം ട്രാഫിക് സിഗ്നൽ തെറ്റിച്ച് മുന്നിലെ വാഹനത്തിനെ മറികടന്ന് ട്രാഫിക് ജാം കുറെക്കൂടി ഗുരുതരമാക്കി.

നോക്കൂ... ഈ കുരുക്കിന് മുഗളരും ബ്രിട്ടീഷ്കാരുമാണോ കാരണം ?"

നാട്ടുകാരൻ ശബ്ദിക്കാനാകാതെ തല താഴ്ത്തിയിരുന്നു. എഞ്ചിനീയർ അയാളെ തട്ടികൊണ്ട് പറഞ്ഞു.

നിങ്ങൾ എന്തിനും മറ്റുള്ളവരിൽ പഴിചാരാൻ അവസരം കണ്ടെത്തുന്നതിൽ മിടുക്കരാണ്. എന്നാൽ സാമൂഹ്യബോധ ത്തോടെ, നിയമത്തെ മാനിക്കുവാനോ, ചുറ്റു പാടുകളെ അറിയുവാനോ ശ്രമിക്കാറില്ല. പകരം മറ്റുള്ളവരിൽ പഴിചാരി സ്വയം രക്ഷ പ്പെടുന്നു'. എഞ്ചിനീയർ കലവറയില്ലാതെ തുറന്നടിച്ചു. 'ഞാനൊന്നു ചോദിക്കട്ടെ, നിങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടെത്രയായി ?"

'എഴുപത് വർഷം' നാട്ടുകാരൻ ശബ്ദം താഴ്ത്തി പറഞ്ഞു.

'നോക്കൂ.... ആയിരത്തി തൊള്ളായിരത്തി നാല്പത്തിയഞ്ചിൽ എന്റെ രാജ്യത്ത് ഹിരോഷിമയിലും നാഗസാക്കിയിലും ബോംബു വർഷിച്ച് പൂർണ്ണനാശം വരുത്തി യിരുന്നു. ഞങ്ങൾ ഓരോ പൗരനും രാജ്യ പുനർനിർമ്മാണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ഇരുപത് വർഷംകൊണ്ട് രാജ്യ ത്തെ വികസിത രാജ്യമാക്കി മാറ്റി. ഇവിടെ നിങ്ങൾ എഴുപത് വർഷത്തിനു ശേഷവും സ്വയം തെറ്റ് മറച്ചുവെച്ച് മറ്റുള്ളവരെ പഴിചാരി രക്ഷപ്പെടുന്നു.

ജപ്പാനെഞ്ചിനിയറുടെ കണ്ടെത്തൽ നമുക്കോരോരുത്തർക്കും ചിന്തിക്കാൻ വക നൽകുന്നു. അന്യരെ പഴിചാരാതെ സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കുക. അച്ചടക്ക ത്തോടെ രാജ്യത്തെ സ്നേഹിക്കുക, നിയമ ത്തെ ബഹുമാനിക്കുക, ചുറ്റുപാടുകളെ അറിയുക. എങ്കിലേ വികസനം സാധ്യമാകൂ. ഈ തിരിച്ചറിവോടെയാകട്ടെ ഇന്നത്തെ തുടക്കം.

✵

---

*Children's Poetry*

## DREAM BETTER



To dream so snug
Within a cottage-cocoon,
To feel the sunlight that comes in
Welcome soon-ness to the budding day,
Births dreams of Iron Man made butterflies.

Every wise hero realises
That dreams come with price tags
That have nothing to do with money.

If heroic dreams were easy,
If capes were free,
Everyone would have one and
this world would be better already.

***Swapana Mary Jacob***
***Std. VI***
*Christnagar School, Tvm.*

*Grand daughter of Er Premji Jacob*
*Deputy Chief Engineer (Retd.)*

✵

നാടുനന്നാകാൻ - 7

# വിളവു തിന്നുന്ന വേലികൾ



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനിയർ (റിട്ട.)*

ഭരണഘടന പൗരന്മാർക്ക് തുല്യനീതി വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, നിർഭാഗ്യ വശാൽ അതിന്റെ ലംഘനം പലപ്പോഴും പലയിടത്തും കണ്ടുവരുന്നു.

സർക്കാർ ഓഫീസുകളിൽ നിന്ന് സാധാര ണക്കാരന് നീതി ലഭിക്കാൻ സ്വാഭാവികമായും ഏറെ കടമ്പകൾ കടക്കേണ്ടതായി വരുന്നുണ്ട്. അപേക്ഷകന് അല്ലെങ്കിൽ പരാതിക്കാരന് എങ്ങനെ നീതി ലഭ്യമാക്കാമെന്നല്ല ഉദ്യോ ഗസ്ഥവിഭാഗം പൊതുവെ ചിന്തിക്കുന്നത്; എങ്ങനെ നീതി നിഷേധിക്കാമെന്നാണ്. എങ്ങനെയൊക്കെ തങ്ങളെ സമീപിക്കുന്ന വരെ അങ്ങോട്ടുമിങ്ങോട്ടും നടത്തി ബുദ്ധിമുട്ടി ക്കാമെന്നാണ്....... അതിനാണ് ഭീമമായ ശമ്പളം നൽകി തങ്ങളെ ജോലിക്കു വച്ചിരിക്കുന്നതെ ന്നാണ്. സർവ്വീസ് സംഘടനകളുടെ ശക്തമായ പിന്തുണയുള്ളതിനാൽ അങ്ങനയുള്ള ഉദ്യോഗ സ്ഥരെ നിലയ്ക്കു നിറുത്താൻ വലിയ ബുദ്ധി മുട്ടുമാണ്. ഇവരെ പിണക്കിയാൽ ആവശ്യക്കാ രന്റെ കാര്യം കട്ടപുകയും. ഇത്തരം ഉദ്യോഗ സ്ഥരുടെ കഠിനാദ്ധ്വാനത്തിന്റെ ഓമനപ്പേരാണ് 'സേവനം'.

സർക്കാർ ജോലി ലഭിക്കാൻ എല്ലാ വർക്കും തുല്യ അവസരങ്ങൾ ലഭിക്കേണ്ടതു ണ്ട്. താൽക്കാലിക ജോലികൾക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും സ്ഥിരം ജോലിക ൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനും ഉണ്ട്. നിർഭാഗ്യവശാൽ ഉണ്ടാകുന്ന ഒഴിവുകൾ സർവ്വീസിൽക്കയറിയവർ റിപ്പോർട്ടുചെയ്യാതെ കടുത്ത അലംഭാവം കാട്ടുന്നു. തൊഴിൽരഹി തർ നീതികിട്ടാതെ അലയേണ്ടിവരുന്നു. നീതി നിഷേധത്തിന്റെ വേറൊരുദാഹരണം.

അധികമാരും അറിയാതെ മറ്റുള്ളവർക്ക് അവസരങ്ങൾ നിഷേധിച്ചുകൊണ്ടുള്ള, വേണ്ട പ്പെട്ടവർക്കും പണവും സ്വാധീനവുമുള്ളവർ ക്കും മാത്രമായുള്ള പിൻവാതിൽ നിയമന ങ്ങളും നടന്നുവരുന്നു. അതിന് എംപ്ലോയ് മെന്റ് എക്സ്റ്റേഞ്ചിനെയും പി.എസ്.സി.യെ യും ഒന്നും ഇടപെടുത്തില്ല. ജോലി ലഭിക്കേ ണ്ടവരുടെ യോഗ്യതയ്ക്കനുസരിച്ച് തസ്തിക കളുടെ യോഗ്യത നിജപ്പെടുത്തി കൗശല തന്ത്രങ്ങൾ പ്രയോഗിച്ച് ചെറുതും വലുതുമായ ജോലികൾ വേണ്ടപ്പെട്ടവർക്കായി വീതിച്ചു നൽകും. ഇത്തരം നിയമനങ്ങൾ പി.എസ്.സി. വഴി നടത്തിയാൽ ശിപായിപ്പണി പോലും ലഭിക്കാത്തവർ, വളഞ്ഞവഴികളിലൂടെ ഉന്നത തസ്തികകളിലെത്തുന്നു. അർഹതയില്ലാത്ത സ്ഥാനങ്ങൾ ഇങ്ങനെ കൈയടക്കുന്നതിൽ നാണവുംമാനവും ഉളുപ്പുമില്ലാത്തവർ ജോലി യിലെത്തുമ്പോൾ പാരമ്പര്യമായി കിട്ടിയ തരം താണ സംസ്ക്കാരം വച്ചുപുലർത്താതിരിക്കില്ല.

സർവ്വീസിലുള്ളവർക്കുപോലും തുല്യ നീതി ലഭിക്കാറില്ലായെന്നത് മറ്റൊരു കാര്യം വിവേചനങ്ങൾ നടന്നുവരുന്നു. സർവ്വീസ് സംഘടനകളുടെ കിടമത്സരങ്ങളാണ് മുഖ്യ കാരണം. ഭരണകക്ഷി സംഘടനകളുടെ മേൽ ക്കോയ്മ ഭരണാധികാരികളുടെ ഒത്താശകളോ ടെ പരിധിവിട്ട് പലയിടത്തും പിടിമുറുക്കുന്നത് ഇരട്ട നീതിക്ക് വഴിയൊരുക്കുന്നു.

നിയമപരമായി സർക്കാരിൽനിന്ന് എന്തെങ്കിലും നേടാനാകില്ലെങ്കിൽ ചിലർക്ക് അതിനും വഴിയുണ്ടാകും. അതിനുവേണ്ടിയുള്ളതാണ് അധികാരിവർഗ്ഗത്തിന്റെ വിവേചനാധികാരം ഉപയോഗിച്ചുള്ള സ്പെഷ്യൽ ഓർഡർ സംവിധാനം. സാധാരണക്കാർക്ക് പൊതുവെ അപ്രാപ്യവും, സമ്പന്നതയും സ്വാധീനവുമുള്ളവർക്ക് വളരെ എളുപ്പവുമായ കാര്യം. രാഷ്ട്രീയ രംഗത്തെ ഛോട്ടാകളുടെ ഉപജീവന മാർഗ്ഗവും സമ്പാദ്യപദ്ധതികളും ഇത്തരം സ്പെഷ്യൽ ഓർഡറുകളുടെ കാൻവാസിംഗിലൂടെയാണ്. ഇതിന്റെ പേരിൽ മോഹനവാഗ്ദാനങ്ങൾ നൽകി തട്ടിപ്പുനടത്തി ഉന്നത നിലവാരത്തിൽ ജീവിക്കുന്ന രാഷ്ട്രീയ പ്രവർത്തകരും കുറച്ചൊന്നുമല്ല. നിലവിലുള്ള നീതി നിഷേധത്തിനുള്ള സാഹചര്യങ്ങൾ മുതലെടുത്തുകൊണ്ട് പണിയെടുക്കാതെ 'മാന്യമായി' കുടുംബം പുലർത്തുന്നവർ.

സർക്കാർ ഓഫീസുകളിൽ ഒരു വിഭാഗത്തിന് വലിയ ഉത്തരവാദിത്വങ്ങളും ജോലിയുമൊന്നും ഉണ്ടാകില്ല. അവരാണ് സംഘടനാ നേതാക്കൾ; നാക്കുകൊണ്ടുമാത്രം ജീവിക്കുന്നവർ, പണിയെടുക്കാതെ ശമ്പളം പറ്റുന്നവർ. പണിയായുധം പോലെ കക്ഷത്തിലിരിക്കുന്ന ഡയറിയാകും ഇവരുടെ തിരിച്ചറിയൽ മാനദണ്ഡം. ഓഫീസ് മേധാവികളെയും വകുപ്പു മേധാവികളെയും ധിക്കരിച്ച്, തന്നിഷ്ടത്തിൽ ജീവിച്ച് ജീവിതം ആവോളം ആസ്വദിച്ച് വിലസുന്നവർ. ചില അവസരങ്ങളിൽ ഓഫീസ് മേധാവികൾക്ക് ന്യായമായ സ്ഥലംമാറ്റം ലഭിക്കണമെങ്കിൽ തങ്ങളുടെ കീഴിൽ ജോലിചെയ്യുന്ന ശിപായി ഏമാൻമാരുടെ ശുപാർശകളും ഔദാര്യവും അനിവാര്യമാകുന്ന സാഹചര്യങ്ങൾവരെ ഉണ്ട്. പ്രബുദ്ധ രാഷ്ട്രീയത്തിന്റെ പുരോഗമന പ്രക്രീയയുടെ ഭാഗം.

വ്യക്തമായ നിയമങ്ങളും നടപടിക്രമങ്ങളും കർശന വ്യവസ്ഥകളും ശുദ്ധമനസ്കരായ ഇച്ഛാശക്തിയുള്ള ഭരണാധികാരികളും ഉണ്ടങ്കിൽ ആർക്കും ആരുടെമേലും കുതിര കയറാനാകില്ല, ആർക്കും നീതി നിഷേധിക്കാനാകില്ല, നീതി വൈകിപ്പിക്കാനാകില്ല. പണിയെടുക്കുന്നവനും പണിയെടുക്കാത്തവനുമെന്ന വേർതിരിവുണ്ടാകില്ല.

നീതി വൈകിപ്പിക്കലിനും നിഷേധത്തിനും വിവേചനത്തിനുമെതിരെ വ്യവഹാര മാർഗ്ഗങ്ങൾ തേടാമെങ്കിലും അത് പണച്ചെലവിനും കാലതാമസത്തിനും ഇടവരുത്തുന്നു. ഫലത്തിൽ നീതി വിലകൊടുത്തുവാങ്ങും പോലയാകും. പരിഷ്കാര സമൂഹത്തിനും കാലഘട്ടത്തിനും അത് ഭൂഷണമല്ല, യോജിക്കുന്നതുമല്ല.

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696
hydelbulletin@gmail.com 7012117197

കഥ

# സെമിത്തേരിയിലെ പൂവ്



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**ഒ**രു വർഷം മുൻപാണ് ഞാനാ ലോഡ്ജിൽ മുറിയെടുത്തത്. ഒരു അഴുക്കു പിടിച്ച കെട്ടിടം. അത്രയും കുറഞ്ഞ വാടകയിൽ നഗരത്തിനോട് ചേർന്ന് ഒരു മുറി കിട്ടാൻ പ്രയാസമായിരുന്നു. തീപ്പെട്ടിക്കൂട് പോലെയുള്ള മുറികൾ. മൂന്നു നിലയുള്ള കെട്ടിടത്തിൽ, ഓരോ നിലയിലെയും രണ്ടു അറ്റങ്ങളിൽ പൊതുവായി ടോയ്ലറ്റുകൾ. അവ സദാ വൃത്തിഹീനമായി കിടന്നു. കുറച്ചുനാൾ ഗൾഫിലെ ലേബർ ക്യാമ്പിൽ താമസിച്ചു ജോലി ചെയ്തിരുന്നത് കൊണ്ട് എനിക്കാ ലോഡ്ജ് വലിയ പ്രശ്നമായി തോന്നിയില്ല. എന്റെ പ്രശ്നം അപ്പുറത്തെ മുറിയിലെ വൃദ്ധനായിരുന്നു.

എന്റെ മനസ്സിൽ എന്നും സിനിമയായിരുന്നു. പഠിക്കുന്ന കാലത്ത് ഞാൻ നാടകങ്ങളും സ്കിറ്റും ഒക്കെ എഴുതി. സിനിമയ്ക്ക് തിരക്കഥ എഴുതുക, ഒരു സിനിമ സംവിധാനം ചെയ്യുക എന്നതായിരുന്നു എന്റെ ഏറ്റവും വലിയ സ്വപ്നം. എന്നാൽ ജീവിതം ഒരു ചോദ്യ ചിഹ്നമായി ഉയർന്നു. അങ്ങിനെയാണ് ഞാൻ ഗൾഫിലേക്ക് പോയത്. അഞ്ചു വർഷം പൊരിവെയിലത്ത് ഞാൻ അറബികളുടെ കെട്ടിടങ്ങൾ ഉണ്ടാക്കി. തിരികെ നാട്ടിലേക്ക് വരുമ്പോൾ അനിയത്തിയെ വിവാഹം കഴിപ്പിച്ചു വിടാനും കടങ്ങൾവീട്ടി സ്വസ്ഥനാകാനും കഴിഞ്ഞു. വീട്, സ്വന്തം വിവാഹം എന്നീകാര്യങ്ങൾക്കായി വീട്ടുകാർ നിർബന്ധിച്ചെങ്കിലും വീണ്ടും മരുഭൂമിയിൽ വർഷങ്ങൾ ചെലവിടാൻ ഞാൻ മടിച്ചു.എന്റെ സ്വപ്നങ്ങൾ വാടിത്തുടങ്ങിയിരുന്നു. എങ്കിലും ഒരു ശ്രമം നടത്തണമെന്ന് എനിക്ക് തോന്നി. ജീവിതം ഒന്നല്ലേയുള്ളൂ.

മഹാനഗരത്തിൽ സിനിമയുടെ അണിയറ പ്രവർത്തകർ തമ്പടിക്കുന്ന പോക്കറ്റുകൾ ഉണ്ട്. പ്രമുഖ സംവിധായകരും നടീനടൻമാരും താമസിക്കുന്നത് ഇവിടുത്തെ വില്ലകളിലും ഫ്ളാറ്റുകളിലുമാണ്. കുറച്ചു കഥകൾ എഴുതുക, കൊള്ളാവുന്ന ഒന്ന് രണ്ടു തിരക്കഥകൾ പൂർത്തിയാക്കുക, ആ ലക്ഷ്യത്തോടെയാണ് ഞാൻ ആ ലോഡ്ജിൽ മുറിയെടുത്തത്.

വീട്ടുകാരോട് പറയാതെയാണ് ഞാനാ തീരുമാനം എടുത്തത്. നാട്ടുകാരും വീട്ടുകാരും ഇത്തരം തീരുമാനങ്ങൾ മണ്ടത്തരമായി മാത്രമേ കരുതൂ. കുറച്ചു പണം എനിക്ക് നീക്കിയിരുപ്പുണ്ടായിരുന്നു. എന്നാൽ നഗരത്തിലെ താമസത്തിനും മറ്റു ചെലവുകൾക്കുമായി ജോലി ചെയ്യേണ്ടിയിരുന്നു. വൈകുന്നേരം മുതൽ വെളുപ്പിനെ വരെ പ്രവർത്തിക്കുന്ന ഒരു നൈറ്റ് റസ്റ്റോറന്റിൽ ആഴ്ചയിൽ മൂന്നു ദിവസം ഞാൻ ജോലിക്ക് പോയി. ബാക്കിയുള്ള സമയം ലോഡ്ജിലിരുന്നു വായിക്കാനും എഴുതാനും ഉപയോഗിച്ചു.

ജോലി കഴിഞ്ഞു വെളുപ്പിനെ അഞ്ചു മണിക്ക് ഞാൻ ലോഡ്ജിൽ എത്തും. ഒൻപതു മണി വരെ കിടന്നുറങ്ങും. ആ നേരം വലിയ ശല്യം ഒന്നുമില്ല. ഒൻപതു മണിക്ക് പ്രാതൽ കഴിച്ചു പകൽ എഴുത്തും വായനയും. ആദ്യത്തെ കുറച്ചു ദിവസങ്ങൾ കുഴപ്പമില്ലാതെ പോയി. ഒരു ദിവസം വെളുപ്പിനെ ഉറങ്ങാൻ കിടക്കുന്നതിനിടെ ഞാൻ അപ്പുറത്തെ മുറിയിൽ ആരോ പിറുപിറുക്കുന്നത് കേട്ടു. ഒപ്പം ചിരിയും.

ആദ്യം ഞാൻ അത് അവഗണിച്ചു . എന്നാൽ ഉറക്കം തുടരുന്നതിനിടെ വീണ്ടും

ഞാനാ സ്വരം കേട്ടു. എനിക്ക് പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല.

ഒരു വൃദ്ധന്റെ ശബ്ദമായിരുന്നു ഞാൻ കേട്ടത്. ഞാൻ എഴുന്നേറ്റു മുറിക്കു പുറത്തു ചെന്ന് നോക്കിയപ്പോൾ വാതിൽ അടഞ്ഞു കിടക്കുകയാണ്. വാതിലിന്റെ അരികിൽ ചെന്നതും പിറുപിറുക്കൽ നിലച്ചു. അല്പ നേരം നോക്കി നിന്നിട്ട് ഞാൻ തിരികെ നടന്നു.

ഉറക്കം ശരിയാകാഞ്ഞത് കൊണ്ട് എനിക്ക് അന്ന് ശരിക്കും എഴുതാൻ കഴിഞ്ഞില്ല. എങ്കിലും അന്ന് രാത്രി ഹോട്ടലിൽ ജോലി ചെയ്യുന്നതിനിടെ എനിക്ക് പുതിയ ഒരു കഥയ്ക്കുള്ള ആശയം കിട്ടി. ഒരു ത്രില്ലർ സബ്ജക്റ്റ്.

നന്നായി ഉറങ്ങണം. എന്നിട്ട് ആ കഥ കടലാസ്സിൽ പകർത്തണം. ജോലി കഴിഞ്ഞു ഉറങ്ങാൻ കിടന്നതും അപ്പുറത്തെ മുറിയിൽ പിറുപിറുക്കൽ കേട്ടു തുടങ്ങി. വൃദ്ധന്റെ അടക്കിപിടിച്ചുള്ള സംസാരം. പിന്നെ ചിരി. ആരോടോ ശബ്ദം താഴ്ത്തി സൊള്ളുന്നത് പോലെ.

എനിക്ക് ദേഷ്യം വന്നു. ഞാനെഴുന്നേറ്റു ചെന്ന് അയാളുടെ വാതിലിൽ മുട്ടിയതും സംസാരം നിന്നു. ഞാൻ ഉറങ്ങാൻ കിടന്നു. അൽപ്പം കഴിഞ്ഞപ്പോൾ വീണ്ടും പിറുപിറുക്കൽ. ഇത്തവണ എനിക്ക് ശരിക്കും ദേഷ്യമായി. ഞാൻ വാതിൽ ആഞ്ഞു മുട്ടി. എത്ര മുട്ടിയിട്ടും വാതിൽ തുറന്നില്ല.

ഞാൻ വീണ്ടും പോയി കിടന്നു. പിന്നെ പിറുപിറുക്കൽ കേട്ടില്ല.

കുറച്ചു നേരം ഉറങ്ങിയിട്ട് ഞാനെഴുന്നേറ്റു ഭക്ഷണം കഴിച്ചു. എഴുതാനിരുന്നിട്ടും മനസ്സു അസ്വസ്ഥമായിരുന്നു. ഇടയ്ക്ക് ഞാനെഴുന്നേറ്റു പോയി നോക്കിയപ്പോഴും ആ മുറി അടഞ്ഞു തന്നെയാണ് കിടന്നിരുന്നത്. ഒരു വിധത്തിൽ ഞാൻ കഥയുടെ ഒരു വൺലൈൻപൂർത്തിയാക്കി. അന്ന് രാത്രി എനിക്ക് ജോലി ഇല്ലായിരുന്നു. വൈകുന്നേരം നഗരത്തിൽ ഒന്നു കറങ്ങി രാത്രി തിരികെ വന്നു എഴുതാമെന്ന് വിചാരിച്ചു. നഗരത്തിലേക്ക് പോകാനിറങ്ങിയപ്പോൾ ലോഡ്ജിന്റെ മാനേജരെ കണ്ടു.

'അങ്ങേർക്ക് പത്തെഴുപത് വയസ്സുണ്ട്. വീട്ടിൽ നിന്നിറക്കി വിട്ടതാണ് എന്ന് തോന്നുന്നു. കൃത്യമായി അറിയില്ല.

'വേറെ എന്തെങ്കിലും ഇടപാടുണ്ടോ ? അയാൾ റൂമിലിരുന്നു ആരുമായാണ് സൊള്ളുന്നത് ?'

മാനേജർ അമ്പരന്നു. 'വേറെ ആരുമില്ല. അയാൾ തനിച്ചാണ് വന്നത്'.മാനേജർ പറഞ്ഞു. വൃദ്ധനുമായി സംസാരിക്കാമെന്ന് മാനേജർ പറഞ്ഞു. ലോഡ്ജിൽനിന്നിറങ്ങി ഞാൻ നഗരത്തിലേക്ക് നടന്നു. വൈകുന്നേരം. ബീച്ചിലൂടെ കുറച്ചുനേരം നടക്കാമെന്ന് വിചാരിച്ചു. മനസ്സിനു ഒരു സമാധാനവുമില്ല. ദിവസങ്ങൾ വേഗം തീരുകയാണ്.

ബീച്ചിൽ വച്ച് ഒരു കൂട്ടുകാരനെ കണ്ടു. അവനും തന്നെപ്പോലെ ഒരു സിനിമാ മോഹിയാണ്. ഞാൻ തലേന്ന് എഴുതിയ കഥയുടെ വൺലൈൻ അവനെ പറഞ്ഞു കേൾപ്പിച്ചു.

'നല്ല കഥയാണ്. പ്രൊഡ്യൂസറെ കിട്ടിയാൽ രക്ഷപെട്ടു. അതാണ് പ്രധാന കടമ്പ. ' അവൻ പറഞ്ഞു'.

അവൻ പരിചയമുള്ള യുവനിരയിലെ നടന്റെ മാനേജരെ വിളിച്ചു എനിക്ക് പരിചയപ്പെടുത്തി. നടൻ അയാൾക്ക് തനിയെ സംവിധാനം ചെയ്യാനുള്ള ഒരു കഥ തിരഞ്ഞു നടക്കുകയാണത്രെ. മാനേജർക്ക് കഥ ഇഷ്ടമായി. പിറ്റേന്ന് തന്നെ അയാളെ കാണാൻ ചെല്ലാൻ ആവശ്യപ്പെട്ടു.വരുമ്പോൾ കഥ പൂർണ്ണമായി എഴുതികൊണ്ട് ചെല്ലാനും പറഞ്ഞു. തിരികെ ലോഡ്ജിലെത്തിയപ്പോൾ രാത്രിയായി. ചെന്നയുടനെ കുളിച്ചു.

ഞാൻ ഒരു പുതിയ കെട്ടു കടലാസെടുത്തു. പിന്നെ ഈശ്വരനെ മനസ്സിൽ ധ്യാനിച്ചു. മഷിപ്പേനയുടെ ക്യാപ്പൂരി ആദ്യത്തെ വാക്ക് എഴുതാൻ തുടങ്ങിയതും അപ്പുറത്തെ മുറിയിൽ നിന്നും ചിരി കേട്ടു. ഒരു തരം കളിയാക്കിയുള്ള ചിരി.

*(തുടരും...)*



*Paintings by :*
**Er N. Babulal**
Executive Engineer (Rtd.)

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 29-07-2022




Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only